22944
14/12/19

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം- ഇൻഷ്വറൻസ് ഡയറക്ടറേറ്റിൽ ക്ലാർക്കായ ശ്രീമതി.കോകിലവാണിക്ക് വനം വകുപ്പിലേക്ക് അന്തർ വകുപ്പ് സ്ഥലം മാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

G.O.(Rt)No.457/2019/F&WLD തീയതി,തിരുവനന്തപുരം, 12/11/2019

പരാമർശം:-1 06.02.2013-ലെ സ.ഉ.(പി).5/2013/ഉഭപവ നമ്പർ സർക്കാർ ഉത്തരവ്.

2 ശ്രീമതി.കോകിലവാണി എച്ച്, ക്ലാർക്ക് സമർപ്പിച്ച 20.03.2019 -ലെ അപേക്ഷ.

3 ഇൻഷ്വറൻസ് ഡയറക്ടറുടെ 02/04/2019ലെ INS/ESST/E5/T001902738 നമ്പർ കത്ത്.

4 ഭരണവിഭാഗം ഉപമുഖ്യവനപാലകന്റെ 02.07.2019, 03.09.2019 എന്നീ തീയതികളിലെ ഇ3-2360/2019 നമ്പർ കത്തുകൾ.

**ഉത്തരവ്**

മലപ്പുറം ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന ശുപാർശയുടെ അടിസ്ഥാനത്തിൽ ആസ്ഥാന ഒഴിവിൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിയമനം ലഭിച്ച്, 01/06/2015 മുതൽ ഇൻഷ്വറൻസ് ഡയറക്ടറേറ്റിൽ ക്ലാർക്കായി ജോലി ചെയ്തുവരുന്ന ശ്രീമതി.കോകിലവാണി എച്ച് വനം വകുപ്പിൽ മലപ്പുറം ജില്ലയിലേക്ക് അന്തർ വകുപ്പ് സ്ഥലംമാറ്റം നൽകണമെന്ന് പരാമർശം മൂന്ന് പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. വരുന്ന അഞ്ച് വർഷത്തേക്ക് മലപ്പുറം ജില്ലയിൽ ഇൻഷ്വറൻസ് വകുപ്പിൽ ക്ലർക്ക് തസ്തികയിൽ ഒഴിവുകൾ ഉണ്ടാകാൻ സാദ്ധ്യതയില്ലാത്തതിനാൽ ശ്രീമതി കോകിലവാണിക്ക്സ്വന്തം ജില്ലയിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് സാദ്ധ്യതയില്ലെന്നും, അതിനാൽ ടി അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കണമെന്നും പരാമർശം (3) പ്രകാരം ഇൻഷ്വറൻസ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. അന്തർ വകുപ്പ് സ്ഥലം മാറ്റത്തിന് ഇൻഷ്വറൻസ് വകുപ്പ് ശുപാർശ ചെയ്തിട്ടുള്ളതിനാലും, ടിയാളെ നിയമിക്കുന്നതിന് വനം വകുപ്പിൽ മലപ്പുറം ജില്ലയിൽ ഒഴിവുള്ളതിനാലും ശ്രീമതി കോകില വാണിക്ക് വനം വകുപ്പിലേക്ക് അന്തർ വകുപ്പ് സ്ഥലം മാറ്റം അനുവദിക്കുന്നതിന് വനം വകുപ്പിന് തടസ്സമില്ലായെന്ന് പരാമർശം (4) പ്രകാരം ഭരണവിഭാഗം ഉപമുഖ്യവനപാലകൻ അറിയിച്ചിട്ടുണ്ട്.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം ഒന്നിലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 3 (vii) പ്രകാരം, അന്തർവകുപ്പ് സ്ഥലം മാറ്റത്തിന്, ഏത് വകുപ്പിൽനിന്നാണോ സ്ഥലം മാറ്റം ആവശ്യപ്പെടുന്നത്, ആ വകുപ്പിൽ 5 വർഷത്തെ സേവനം പൂർത്തീകരിച്ചിരിക്കണം. 01.06.2015-ൽ നിയമിതയായ ശ്രീമതി.കോകിലവാണിക്ക് ഇൻഷ്വറൻസ് വകുപ്പിൽ അഞ്ച് വർഷം പൂർത്തിയായിട്ടില്ല. എന്നാൽ ജില്ലാതല നിയമനത്തിനായി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും ആസ്ഥാന ഒഴിവിൽ നിയമിതരാകുന്നവർക്ക് നിയമനം ലഭിച്ച വകുപ്പിന് സ്വന്തം ജില്ലയിൽ ഓഫീസുണ്ടായിരിക്കുകയും എന്നാൽ ടിയാളുടെ നിയമനത്തിനുശേഷം 5 വർഷത്തിനുള്ളിൽ ടി ഓഫീസിൽ ടിയാൾക്ക് നിയമനം നൽകുന്നതിനായി തസ്തിക ഉണ്ടാകാൻ സാദ്ധ്യതയില്ലായെന്ന് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ, ബന്ധപ്പെട്ട നിയമനാധികാരികളുടെ പരസ്പര സമ്മതത്തോടെ, സ്വന്തം ജില്ലയിലെ മറ്റൊരു വകുപ്പിലേക്ക്, 5 വർഷസേവനം എന്ന വ്യവസ്ഥയിൽ ഇളവനുവദിച്ച്, അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിക്കാവുന്നതാണെന്ന് ടി ഉത്തരവില ഖണ്ഡിക 3 (ix)ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

3. വരുന്ന അഞ്ച് വർഷത്തേക്ക് മലപ്പുറം ജില്ലയിൽ ഇൻഷ്വറൻസ് വകുപ്പിൽ ക്ലർക്ക് തസ്തികയിൽ ഒഴിവുകൾ ഉണ്ടാകാൻ സാദ്ധ്യതയില്ലായെന്ന് ഇൻഷ്വറൻസ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. വനം വകുപ്പിൽ മലപ്പുറം ജില്ലയിൽ ക്ലർക്ക് തസ്തികയിൽ ഒഴിവ് നിലവിലുണ്ടെന്നും, ടി ഒഴിവിലേക്ക് ശ്രീമതി കോകിലവാണിക്ക് അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിക്കാവുന്നതാണെന്നും നിയമനാധികാരിയായ മുഖ്യവനപാലകൻ, പാലക്കാട് അറിയിച്ചിട്ടുണ്ട്.

4). മേൽ സാഹചര്യത്തിൽ, സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറേറ്റിൽ ക്ലാർക്കായ ശ്രീമതി.കോകിലവാണി എച്ച്-ന്, പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, വനം വകുപ്പിൽ മലപ്പുറം ജില്ലയിലേക്ക് അന്തർ വകുപ്പ് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്തർവകുപ്പ് സ്ഥലം മാറ്റം സംബന്ധിച്ച വിശദാംശങ്ങൾ ടിയാളുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEELA.M
UNDER SECRETARY

ഉപമുഖ്യവനപാലകൻ (ഭരണം), തിരുവനന്തപുരം.

ഡയറക്ടർ, ഇൻഷ്വറൻസ് വകുപ്പ്,തിരുവനന്തപുരം.

ശ്രീമതി.കോകിലവാണി എച്ച്, ക്ലാർക്ക് ,ഇൻഷ്വറൻസ് ഡയറക്ടറേറ്റ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) ,കേരള,തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ),കേരള,തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ.

വനം വന്യജീവി (പി എസ്) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SAJEEVAN M K
Date: 2019.11.13 0[illegible]:13 IST
Reason: Approved
സെക്ഷൻ ഓഫീസർ